basheerudheentp@gmail.com
ബഷീർ തൃപ്പനച്ചി

ഒരു നഗരത്തിൽ അനീതി നടന്നാൽ സൂര്യാസ്തമയത്തിന് മുമ്പ് അതിനെതിരെ കലാപമുാവണം. ഇല്ലെങ്കിൽ ഇരുട്ടുംമുമ്പ് ആ നഗരം കത്തിയമരട്ടെ. – ബെർതോൾഡ് ബ്രെഹത്

# ‘മലബാർ കലാപം’ ആവർത്തിക്കാതിരിക്കാൻ

കടൽ കടന്നുവന്ന അധിനിവേശശക്തികൾക്കെതിരെ ഒരു ജനത നെഞ്ച് വിരിച്ച് പോരാടിയപ്പോൾ തെറിച്ചുവീണ ചോരത്തുള്ളികൾ ചേർന്നുവരച്ച സമര ഭൂപടത്തിന്റെ പേരാണ് മലബാർ. ആ പദത്തിനകത്ത് ഒരു ദേശത്തിന്റെ സ്വാതന്ത്ര്യ ചരിത്രമുണ്ട്. സമരവും പോരാട്ടവുമുണ്ട്. നാട് പിടിച്ചടക്കിയ സായ്പുമാരും അവരോട് അരികുപറ്റി അധികാരം വാണിരുന്ന നാടൻ ഫ്യൂഡൽ മാടമ്പിമാരും ഒരു ദേശത്തെ പ്രബല സമുദായത്തോട് കടുത്ത അനീതിയുടെ പരമ്പര തുടർന്നപ്പോഴാണ് ചരിത്രത്തിലെ ‘മലബാർ കലാപങ്ങൾ’ ഉണ്ടായത്. മലബാർ സമര പോരാട്ടങ്ങൾ ഒരു ഘട്ടത്തിൽ ‘കലാപ’മായി മാറിയെന്ന് വിധിയെഴുതിയ ചരിത്രകാരന്മാർ പോലും സമ്മതിച്ച ഒരു കാര്യമുണ്ട്; ഭരണകൂടത്തിന്റെയും അതിന്റെ നടത്തിപ്പുകാരായ ജന്മിമാരുടെയും കടുത്ത വിവേചനത്തിനും അനീതിക്കും തുടർച്ചയായി ഇരയായപ്പോൾ ഒരു ദേശത്തെ പൗരന്മാർ ഒന്നടങ്കം പൊട്ടിത്തെറിച്ചതാണ് ‘മലബാർ കലാപ’മെന്ന്.




രാജ്യം സ്വതന്ത്രമായി. വെള്ളക്കാരന് കപ്പം കൊടുത്ത് സായ്പിനു മുന്നിൽ കവാത്ത് മറന്ന നാട്ടുരാജ്യങ്ങളായ കൊച്ചിയും തിരുവിതാംകൂറും ലയിച്ച് തിരു-കൊച്ചിയുണ്ടായി. ജനാധിപത്യത്തിന്റെ അധികാര ശ്രീകോവിലുകളായ സെക്രട്ടേറിയേറ്റും നിയമസഭയും ഹൈക്കോടതിയുമെല്ലാം തിരുവിതാംകൂറും കൊച്ചിയും പങ്കിട്ടെടുത്തു. പിന്നെയും വർഷങ്ങൾ പിന്നിട്ടപ്പോൾ ഭാഷാ അടിസ്ഥാനത്തിൽ കേരള സംസ്ഥാനമുണ്ടാക്കാൻ തീരുമാനിച്ചു. അധികാര കേന്ദ്രങ്ങളൊന്നും നൽകാതെ മലബാറിനെ കൂടി കേരളത്തിലുൾപ്പെടുത്താൻ തിരുകൊച്ചിയിലെ മുന്നാക്കക്കാർ ‘സൗമനസ്യം’ കാണിച്ചു. ബ്രിട്ടീഷുകാർക്കും അധികാരത്തിനും ഇടയിൽ നിയമം നടപ്പിലാക്കിയ പഴയ ജന്മിമാർ ഉദ്യോഗസ്ഥ മാടമ്പിമാരായി ജനാധിപത്യ ശ്രീകോവിലുകളിൽ അധികാരം നിലനിർത്തി. തിരു-കൊച്ചിയിലെ ജനാധിപത്യ കേന്ദ്രങ്ങളിലിരുന്ന് തമ്പ്രാക്കന്മാർ മലബാറിനോട് വെള്ളക്കാർ സ്വീകരിച്ച അനീതിയും വിവേചനവും ആവർത്തിച്ചുപോന്നു.

അധികാരത്തോട് ചേർന്നുനിൽക്കുന്നവർക്ക് മാത്രം അവകാശപ്പെട്ടതാണല്ലോ ഭരണകൂടത്തിന്റെ ഔദ്യോഗിക വിദ്യാഭ്യാസവും ഉദ്യോഗസ്ഥ സ്ഥാനങ്ങളും. വെള്ളക്കാരായ അധികാരികളോട് അടരാടിയ മലബാറുകാർക്കിത് രണ്ടും അക്കാലത്ത് അപ്രാപ്യമായത് സ്വാഭാവികം. സാമ്രാജ്യത്വ ശക്തികളോട് സന്ധിയായ തിരു-കൊച്ചി ദേശങ്ങളിൽ മെക്കാളയുടെ ക്ലറിക്കൽ വിദ്യാഭ്യാസത്തിൽ സർട്ടിഫിക്കറ്റ് നേടിയവർ ധാരാളമുണ്ടായിരുന്നു. സ്വാതന്ത്ര്യം നേടുകയും സംസ്ഥാനം രൂപീകൃതമാവുകയും ചെയ്തപ്പോഴും വിദ്യാഭ്യാസ യോഗ്യതയുടെയും ഉദ്യോഗത്തിന്റെയും വെള്ളക്കോളർ സ്വഭാവം മാറിയില്ല. ഫലം സ്വാതന്ത്ര്യ പോരാട്ടത്തിനിറങ്ങിയ ദേശത്തെ പൗരന്മാർ അധികാര സ്ഥാനങ്ങളിൽ നിന്ന് പുറത്തും സാമ്രാജ്യത്വത്തോട് സന്ധിചെയ്തവർ അകത്തുമായി. മലബാറിനും അതിലെ പ്രബല സമുദായത്തിനും ജനാധിപത്യപരമായി അർഹിച്ച അധികാര ഉദ്യോഗസ്ഥ പങ്കാളിത്തവും വികസന പദ്ധതികളും തടയാൻ അവർ വിജയകരമായ തന്ത്രങ്ങൾ മെനയുകയും ചെയ്തു. ഇങ്ങനെയൊക്കെയുള്ള ചരിത്രവും വർത്തമാനവും കൂടിച്ചേർന്ന വൈരുധ്യങ്ങളാലാണ് മലബാർ പലപ്പോഴും കേരളത്തിന്റെ വികസന ഭൂപടത്തിന് പുറത്തായത്.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ പിൻബലത്തിൽ മലബാറിൽ നിന്ന് നിയമസഭയിലും മന്ത്രിസഭയിലുമെത്തിയവർക്ക് പോലും, ബോധപൂർവം നടപ്പിലാക്കിയ ഈ നിശ്ശബ്ദ മലബാർ വിരുദ്ധ കാമ്പയിൻ അവസാനിപ്പിക്കാൻ സാധിച്ചില്ല. അധികാര ശ്രീകോവിലുകളിലെ ഉദ്യോഗസ്ഥ പൂജാരികളെ മറികടക്കാനുള്ള ത്രാണി അവരിൽ പലർക്കുമുണ്ടായിരുന്നില്ല എന്നതാണ് ശരി. അർഹമായത് ചോദിച്ചപ്പോഴൊക്കെ തിരു-കൊച്ചിയിലെ മാടമ്പിവർഗം കണ്ണുരുട്ടി. അത് കണ്ട് ചിലരൊക്കെ പേടിക്കുകയും ചെയ്തു. ഫലം ഭൂമിശാസ്ത്രപരമായി തിരു-കൊച്ചിയെക്കാൾ വലുപ്പമുള്ള മലബാർ സകല രംഗത്തും പിന്നാക്കമായി. കേരള സംസ്ഥാനം നിലവിൽ വന്ന ശേഷം ഭരണകൂടം നടത്തിയ മലബാർ വിവേചനത്തിന്റെ കണക്കുകൾ കണ്ണു തള്ളിക്കുന്നതാണ്. വിദ്യാഭ്യാസ മേഖലയിലൊതുങ്ങുന്നതോ ഏതാനും പ്ലസ്ടു ബാച്ചുകൾ അനുവദിച്ചാൽ തീരുന്നതോ അല്ല ഈ വിവേചന ഭീകരത. ഈ അനീതി ചൂണ്ടിക്കാണിക്കാൻ തിരിച്ചറിവിന്റെ രാഷ്ട്രീയ വിദ്യാഭ്യാസം നേടിയ ഒരു തലമുറ മലബാറിൽ വളർന്നു വന്നിരിക്കുന്നു. അവർക്ക് വിവേചനത്തിന്റെ വർത്തമാനവും ചരിത്ര കാരണങ്ങളുമറിയാം. ഇപ്പോഴും തുടരുന്ന രാഷ്ട്രീയ ഗൂഢാലോചനകളുടെ പിന്നാമ്പുറ കഥകളുമറിയാം. അവരത് മലബാറിന്റെ തെരുവിലും കാമ്പസിലും ഉന്നയിക്കാൻ തുടങ്ങിയിരിക്കുന്നു. രാഷ്ട്രീയ പാർട്ടികളോട് വിധേയത്വം പുലർത്തുന്നവരും അല്ലാത്തവരും അവരിലുണ്ട്. മലബാർ എന്ന സമര പദത്തിന് കീഴിൽ അവരെല്ലാം പതിയെ ഒന്നിക്കുകയാണ്. സകല രംഗത്തും മലബാർ നേരിടുന്ന വിവേചനങ്ങൾ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവണം. അതല്ല, തിരു-കൊച്ചിയിലെ മുന്നാക്കക്കാരുടെ സങ്കുചിത രാഷ്ട്രീയ കണ്ണുരുട്ടലിന് മുന്നിൽ മലബാറിനെ ഇനിയും പടിക്ക് പുറത്ത് നിർത്താനാണ് ഭാവമെങ്കിൽ ചരിത്രത്തിലെ ‘മലബാർ കലാപങ്ങൾ’ ആവർത്തിക്കാൻ അധികകാലം വേണ്ടിവരില്ല. ഒരു പ്രത്യേക പ്രദേശത്തോട് സംസ്ഥാന ഭരണകൂടം തുടർച്ചയായി ചിറ്റമ്മനയം സ്വീകരിച്ചതിന്റെ ഫലമായുണ്ടായ പ്രക്ഷോഭങ്ങൾക്കൊടുവിലാണ് ആന്ധ്ര വിഭജിച്ച് തെലുങ്കാന എന്ന പുതിയ സംസ്ഥാനം രൂപം കൊണ്ടത്. കേരളത്തിൽ അത് സംഭവിക്കാതിരിക്കണമെങ്കിൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് സത്വരമായ നീതിനിർവഹണം ഉണ്ടാവണം. ■

Vol. No: 71 Issue No. 10 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla